11518/2/18/T-DHSE

Ad B

## കേരള സർക്കാർ

**പൊതു വിദ്യാഭ്യാസ (യു) വകുപ്പ്**

നം:1668330/യു2/2017/പൊ.വി.വ

തിരുവനന്തപുരം,
തീയതി: 19/05/2018

B7

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിദ്യാഭ്യാസം ജീവനക്കാര്യം - പ്രിൻസിപ്പൽ പ്രൊമോഷൻ സ്ഥിരമായി പരിത്യജിയ്ക്കുന്നത് - മുൻകാല പ്രാബല്യം - സംബ.

സൂചന :- ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 01/07/2017-ലെ എഡി.ബി7/74462/എച്ച്.എസ്.ഇ/2017-ാം നമ്പർ കത്ത്.

ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ പ്രിൻസിപ്പൽമാരായി സ്ഥാനക്കയറ്റം ലഭിക്കുന്നവരിൽ ചിലർ പ്രസ്തുത പ്രൊമോഷൻ താൽക്കാലികമായോ സ്ഥിരമായോ പരിത്യജിയ്ക്കാറുണ്ട്. എന്നാൽ താൽക്കാലിക റിലിംഗ്വിഷ്മെന്റ് കാലാവധി അവസാനിച്ചയുടൻ തന്നെ സ്ഥിരമായ റിലിംഗ്വിഷ്മെന്റിന് അപേക്ഷ സമർപ്പിക്കാതെ നീണ്ടകാലാവധിക്ക് ശേഷം മുൻകാല പ്രാബല്യത്തോടെ സ്ഥിരമായ റിലിംഗ്വിഷ്മെന്റിനായി അപേക്ഷ സമർപ്പിക്കുന്ന പ്രവണത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവണത നിരവധി കോടതി വ്യവഹാരങ്ങൾക്കും ഇടവരുത്തുന്നു. ആയതിനാൽ പ്രിൻസിപ്പൽ പ്രൊമോഷൻ സ്ഥിരമായി പരിത്യജിക്കുന്നവർ താൽക്കാലിക പരിത്യജിയ്ക്കൽ കാലാവധി അവസാനിച്ചയുടൻ തന്നെ സ്ഥിരമായ റിലിംഗ്വിഷ്മെന്റിന് അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും, മുൻകാല പ്രാബല്യത്തോടെയുള്ള റിലിംഗ്വിഷ്മെന്റ് അനുവദിക്കുന്നതല്ല എന്നും ഉത്തരവാകുന്നു.

ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ/പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർ ഇത് സംബന്ധിച്ച നിർദ്ദേശം എല്ലാ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും/ഹെഡ്മാസ്റ്റർ/എഇഒ-മാർക്കും നൽകേണ്ടതാണ്.

എച്ച്.നജീബ്
ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി

ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം/ചെങ്ങന്നൂർ/കോട്ടയം/എറണാകുളം/മലപ്പുറം/കോഴിക്കോട്/കണ്ണൂർ.
അക്കൗണ്ടന്റ് ജനറൽ, (എ&ഇ, ആഡിറ്റ്), തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻ വകുപ്പ്, (വെബ് ആന്റ് ന്യൂ മീഡിയ)/ പ്രസ് റിലീസ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Endt. No. Ad B7/115182/18/DHE

For information and necessary action.

Senior Administrative Officer